## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7306

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>,, പി.കെ. ബഷീർ<br>,, പി. ഉബൈദുള്ള<br>,, സി. മോയിൻകുട്ടി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണ നിർവ്വഹണം, മോണിറ്ററിംഗ്, പരാതിപരിഹാരം, സോഷ്യൽ ഓഡിറ്റ് തുടങ്ങിയ എല്ലാ ഘടകങ്ങളും സുതാര്യവും, അഴിമതി രഹിതവും കാര്യക്ഷമമവുമായി നിർവ്വഹിക്കാനാവശ്യമായ സംഘടനാ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാനതലങ്ങളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ട ജില്ലകളിൽ (വയനാട്, പാലക്കാട്, ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ്) വിലയിരുത്തൽ പഠനങ്ങൾ നടത്തുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. മൂന്നാംഘട്ടത്തിൽ, പദ്ധതി ആരംഭിച്ച 10 ജില്ലകളിൽ<br>(തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) വിലയിരുത്തൽ പഠനങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ ഏജൻസികളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന പ്രവർത്തനങ്ങൾ നടന്നു വരുന്നു. പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യുന്നതിന് ശ്രീ.എം.മുരളി (എക്സ്.എം.എൽ.എ) അദ്ധ്യക്ഷനായ |

| | | | |
|---|---|---|---|
| | | | സമിതിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൻ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കേന്ദ്രസർക്കാരിൽ നിന്നുള്ള 03-01-2014 - ലെ എസ്.ഒ 19(ഇ) നമ്പർ വിജ്ഞാപനപ്രകാരം ഏതെല്ലാം മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളത്; അതു പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | (ബി) | കേന്ദ്രസർക്കാരിന്റെ 03.01.2014 ലെ എസ്.ഒ 19 (ഇ) നം വിജ്ഞാപന പ്രകാരം, തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ഉം 2 ഉം ഭേദഗതി വരുത്തുകയുണ്ടായി. ഇതു പ്രകാരം (നിയമത്തിലെ പട്ടിക 1 ഖണ്ഡിക 4 സി) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള (നിയമത്തിലെ പട്ടിക 1 ഖണ്ഡിക 5 ലെ) വ്യക്തിഗത ആസ്തികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുശാസിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ, ഗ്രാമീണ അടിസ്ഥാന സൗകര്യത്തിനുള്ള സമൂഹ ആസ്തികൾ എന്നിവ നാല് വിഭാഗം പ്രവൃത്തികളാണ് ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുള്ളത്. 2014 ജനുവരി മാസം പ്രാബല്യത്തിൽ വന്ന പരിഷ്കരിച്ച പട്ടിക ഒന്ന് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതിയ മേഖലകൾ ചുവടെപറയുന്നവയാണ്.<br>1. ഇന്ദിരാ ആവാസ് യോജന, മറ്റ് കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളിൽ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിനും പദ്ധതികളിലെ അവിദഗ്ദ്ധ തൊഴിൽ ഘടകം<br>2. കോഴിക്കൂട്, ആട്ടിൻകൂട്, പന്നിക്കൂട്, കാലിത്തൊഴുത്ത് എന്നിവയുടെ നിർമ്മാണം.<br>3. സ്വയം സഹായ സംഘങ്ങൾക്ക് കോമൺ വർക്ക് ഷെഡുകളുടെ നിർമ്മാണം<br>4. ഉൾറോഡുകളുടെയും തെരുവ് വീഥികളുടെയും നിർമ്മാണം<br>5. ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ നിർമ്മാണം<br>6. സൈക്ലോൺ ഷെൽട്ടറുകളുടെ നിർമ്മാണം, ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതലങ്ങളിൽ ക്രിമിട്ടോറിയങ്ങളുടെ നിർമ്മാണം |

| | | | |
|---|---|---|---|
| | | | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കപ്പെട്ട ആസ്തികളുടെ സംരക്ഷണം |
| (സി) | 2012-13, 2013-14 എന്നീ വർഷങ്ങളിൽ തൊഴിലുറപ്പുപദ്ധതിക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; ഈ വർഷങ്ങളിൽ തൊഴിലാളികൾക്ക് കൂലിയിനത്തിൽ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (സി) | 2012-13 സാമ്പത്തിക വർഷം 1419.255 കോടി രൂപ ഈ പദ്ധതിയ്ക്കായി ചെലവഴിച്ചു. 2013-14 സാമ്പത്തിക വർഷം 1739 കോടി രൂപ ചെലവഴിച്ചു. 2013-14 സാമ്പത്തിക വർഷങ്ങളിൽ അവിദഗ്ദ്ധ കൂലിയിനത്തിൽ കുടിശ്ശിക നൽകാനില്ല. |

സെക്ഷൻ ഓഫീസർ